മിസ്റ്റർ പറമ്പി ലോനപ്പൻ: അധികം താമസിച്ചില്ല.

മിസ്റ്റർ പി. കെ. ഡീവർ: ഇതു് ട്രാൻസ്ഫർ ചെയ്ത എന്ന ബോദ്ധ്യമായതിലേക്കു് മേടിച്ചു അതുള്ളു ഇതു കൊണ്ടുപോയതു് എന്ന തീർച്ചയാണു്. ഇതു കൊണ്ടുപോയ ആൾ ഫ ഫ ഉ കു യിൽ കൂടുതൽ വിലക്കു് എടുക്കുവാൻ തയ്യാറുണ്ടെങ്കിൽ അയാൾക്കു കൊടുക്കുവാൻ വിരോധമുണ്ടായിരുന്നുവൊ ?

SCHEME FOR BUILDING CONSTRUCTION—ADOPTION OF

227. മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറീയ്ത്തു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹു മാനപ്പെട്ട ഗവണ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) മദ്രാസ്, ബോംബെ മുതലായ പ്രവിശ്യകളിലെ മന്ത്രിസഭകൾ അംഗീകരിച്ചു നടപ്പിൽ വരുത്തിയിട്ടുള്ള ഭവനനിർമ്മാണപദ്ധതി ഗവണ്മെണ്ടു ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ബി) ഈ ഗവണ്മെണ്ടിനു് അതുപോലെയുള്ള വല്ല പദ്ധതിയും ആലോചനയിൽ ഉണ്ടോ;

(സി) ഉണ്ടെങ്കിൽ നടപ്പിൽ വരുത്തുന്നതിനുള്ള പ്രായോഗിക നടപടികൾ സ്വീകരിക്കുകയോ മറ്റൊ ചെയ്തിട്ടുണ്ടോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ:

(എ) ഇല്ല.

(ബി) തൽക്കാലം സംസ്ഥാനത്തുള്ള പട്ടണങ്ങളെ മാത്രം ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു ഭവനനിർമ്മാണപദ്ധതി ഈ ഗവണ്മെണ്ടിന്റെ ആലോചനയിൽ ഉണ്ടു്.

(സി) ഇല്ല.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറീയ്ത്തു്: പട്ടണങ്ങളിലെ ഭവനനിർമ്മാണ പദ്ധതി എത്ര കൊല്ലംകൊണ്ടു് പൂർത്തിയാക്കണമെന്നുള്ളതാണു് ആലോചന ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: അതിപ്പോൾ പറയുവാൻ സാദ്ധ്യമല്ല.

OORAKAM-ARATTUPUZHA ROAD—DAMAGE REGARDING

228. മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹു മാനപ്പെട്ട ഗവണ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) ഊരകത്തുനിന്നു് ആറാട്ടുപുഴയിലേക്കു പോകുന്ന റോഡിനു കലശലായ കേടുപറ്റിയിട്ടുള്ളതായി ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) വഴി ഗതാഗതയോഗ്യമാക്കുവാൻ ഗവണ്മെൻറ് വല്ല നടപടിയും എടുത്തുവോ; ഉവ്വെങ്കിൽ എന്നു; എന്തു നടപടിയാണു എടുത്തതു?

റാവുബഹദൂർ ടി. കെ. നായർ:

(എ) ഉവ്വു്.

(ബി) തൽക്കാല റിപ്പയറുകൾ ഉടനടി നടത്തിയിട്ടുണ്ടു്. ഈ വഴി മുഴുവനും കരിങ്കല്ലു വിരിക്കുന്നതിനു് എസ്റ്റിമേറു് തയ്യാറാക്കി പണി കരാർ കൊടുത്തിട്ടുണ്ടു്.

PROFESSIONAL TAX—COLLECTION OF

229. മിസ്റ്റർ എം. ഒ. തോമക്കുട്ടി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.

(എ) നമ്മുടെ രാജ്യത്തെ ഓരോരോ മുനിസിപ്പൽ അതൃത്തികളിലുള്ള വ്യാപാരികൾപക്കൽനിന്നും മറ്റു പലേ വിധത്തിൽ തൊഴിൽചെയ്തു് ഉപജീവനം കഴിക്കുന്ന കീഴ് ജീവനക്കാരുടെ പക്കൽനിന്നും തൊഴിൽ നികുതി വസൂലാക്കുന്ന ഒരു സമ്പ്രദായമുണ്ടോ;

(ബി) ഉണ്ടെന്നുവരികിൽ എന്തു അടിസ്ഥാനത്തിന്മേലാണു് ഈ നികുതി ചുമത്തുന്നതു;

(സി) എത്രവീതമാണു് ഓരോ തരക്കാരിൽനിന്നും വസൂൽചെയ്യുന്നതു;

(ഡി) ഫ ഫ ഉ ഠ, ഫ ഫ ഉ ഹ, ഫ ഫ ഉ ഉ എന്നീ കൊല്ലങ്ങളിൽ ഓരോരോ മുനിസിപ്പാലിറ്റിയും വ്യാപാരികളുടെ പക്കൽനിന്നും തൊഴിലാളികളുടെ പക്കൽനിന്നും വസൂൽചെയ്തിരിക്കുന്ന തൊഴിൽനികുതിയുടെ ശരിയായ ഒരു പട്ടിക മേശപ്പുറത്തു വെക്കുവാൻ മനസ്സുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പറമ്പിലോനപ്പൻ:

(എ) ഉണ്ട്.

(ബി) ക ക ക നമ്പരായ കൊച്ചി മുനിസിപ്പൽ ആക്ടിലെ വ്യവ്യ-ാം വകുപ്പനുസരിച്ച്.

(സി) മേൽപറഞ്ഞ കൊച്ചി മുനിസിപ്പൽ ആക്ടിലെ രണ്ടാംപട്ടിക (Schedule II) നോക്കുക. എറണാകുളം, മട്ടാഞ്ചേരി, ഇരിങ്ങാലക്കുട എന്നി മുനിസിപ്പാലറ്റികളിൽ മേൽപ്പറഞ്ഞ പട്ടികയിലെ ഏറ്റവും കൂടിയ (maximum) നിരക്കുപ്രകാരവും, ചിറ്റൂർ തത്തമംഗലം മുനിസിപ്പാലിറ്റിയിൽ ഏറ്റവും കുറഞ്ഞ (minimum) നിരക്കുപ്രകാരവും ആണ് വസൂൽചെയ്യുന്നത്. തൃശ്ശിവപേരൂർ മുനിസിപ്പാലിറ്റിയിലെ നിരക്ക് ഇവക്ക രണ്ടിനും മധ്യേയുള്ളതാണ്. അവയുടെ വിവരം അടങ്ങിയ ഒരു ലിസ്റ്റ് മേശപ്പുറത്ത് വെച്ചിരിക്കുന്നു.

(ഡി) പട്ടിക മേശപ്പുറത്ത് വെച്ചിരിക്കുന്നു.

RECENT TROUBLES IN THE MAHARAJA'S COLLEGE, ERNAKULAM—TENDERING OF APOLOGY BY PROFESSOR PAPPALI

230. മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ട സദയം മറുപടി പറയുമോ.—

എറണാകുളം മഹാരാജാസ് കോളേജിൽ അടുത്തുണ്ടായ കഴപ്പും സംബന്ധിച്ച് വിദ്യാർത്ഥികളോട് പ്രൊഫസർ പാപ്പാളി മാപ്പുചോദിക്കാമെന്ന് സമ്മതിച്ചതായി ചില പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുള്ളത് ശരിയാണോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ:

ശരിയല്ല.

OFFICERS USING STATE CARS—INFORMATION REGARDING

231. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവണ്മെണ്ട സദയംമറുപടി പറയുമോ.—

(എ) മന്ത്രിമാർ, നിയമസഭാ പ്രസിഡണ്ട് എന്നിവരൊഴിച്ച് കൊച്ചിഗവണ്മെണ്ടിന്റെ എത്ര ഉദ്യോഗസ്ഥന്മാർ ഇപ്പോൾ സ്റ്റേറ്റ കാറുകളും ഉപയോഗിക്കുന്നുണ്ട്;

(ബി) ഏതെല്ലാം ഉദ്യോഗസ്ഥന്മാർക്കാണ് ഇപ്പോൾ സ്റ്റേറ്റ കാർ അനുവദിക്കപ്പെട്ടിട്ടുള്ളത്;

(സി) ഇവർക്കുമാത്രം സ്റ്റേറ്റകാർ അനുവദിക്കാൻ കാരണമെന്ത്;

(ഡി) ആ ഉദ്യോഗങ്ങളിൽ വരുന്ന ആർക്കും സ്റ്റേറ്റകാർ ലഭിക്കുമോ?

റാവുബഹദൂർ ടി. കെ. നായർ:

(എ) നാലു ഉദ്യോഗസ്ഥന്മാർ.

(ബി) (ക) ഹൈഡ്രോ ഇലക്ട്രിക്ക് ചീഫ് എഞ്ചിനീയർ.
(ഖ) കൊച്ചിൻ സ്റ്റെയിറ്റ്ഫോഴ്സ് കമാണ്ടന്റ്.
(ഗ) സഹ്യാദ്രികായ്ക്കാർ.
(ഘ) ചീഫ് ജസ്റ്റീസ്.

(സി) ഹൈഡ്രോ എലക്ട്രിക്ക് ചീഫ് ഇഞ്ചിനീയർക്ക് അദ്ദേഹം ഒരു കാർ വാങ്ങിക്കുന്നതുവരെ സ്റ്റേറ്റ കാർ ഉപയോഗിക്കുവാൻ അനുവദിച്ചിട്ടുണ്ട്. ഡ്രൈവരുടെ ചിലവും പെട്രോൾ ചിലവും അദ്ദേഹമാണ് വഹിക്കുന്നത്. കൊച്ചിൻ സ്റ്റേറ്റ്ഫോഴ്സ് കമാണ്ടന്റിന് അദ്ദേഹത്തിന്റെ നിയമന വ്യവസ്ഥയനുസരിച്ച് ഒരു സ്റ്റേറ്റ കാർ നൽകിയിട്ടുണ്ട്. ചീഫ് ജസ്റ്റീസിന് നീതിന്യായവകുപ്പിന്റെ തലവനെന്ന നിലയിലും സഹ്യാദ്രികായ്ക്കാർക്ക് അദ്ദേഹത്തിന്റെ ഔദ്യോഗികനിലയെ പരിഗണിച്ചും ഓരോ സ്റ്റേറ്റ കാറുകളും അനുവദിച്ചിട്ടുണ്ട്.

(ഡി) സി. യുടെ ഉത്തരംകൊണ്ട് ഇതിന്ന് ഉത്തരം ആവശ്യമില്ല.

മിസ്റ്റർ എ ഈച്ചരമേനോൻ: ഹൈഡ്രോ എലക്ട്രിക്ക് ചീഫ് എഞ്ചിനീയർ സ്റ്റേറ്റിൽ വന്നിട്ട് എത്ര കാലമായി?

റാവുബഹദൂർ ടി. കെ. നായർ: ഒന്നിൽ ചിലപ്പോൾ കൊല്ലമായി.

LIBRARY ARCHIVES Kerala Legislative Assembly